നിശ്ചിത യോഗ്യത നേടാനുള്ളതിനാലാണ് കാലതമാസം വരുന്നത്. എന്നാൽ ഹൈഡ്രോ ജിയോളജിസ്റ്റ് തസ്തികയിലേയ്ക്ക് ഡി.പി.സി. മീറ്റിംഗ് കഴിഞ്ഞ് സെലക്ട് ലിസ്റ്റ് തയ്യാറാക്കി ഒഴിവുകൾ നികത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(സി&ഡി) കാസർഗോഡ് ജില്ലാ ഓഫീസിലേയ്ക്ക് വാഹനം വാങ്ങുന്നതിനുള്ള പ്രൊപ്പോസൽ സർക്കാർ പരിശോധിച്ചുവരുന്നു.

ഭൂജല വകുപ്പിന്റെ കാസർഗോഡ് ജില്ലാ ഓഫീസിൽ ലാസ്റ്റ് ഗ്രേഡ് തസ്തിക

180 (T*4466) ശ്രീ. എൻ. എ. നെല്ലിക്കുന്ന് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭൂജല വകുപ്പ് കാസർഗോഡ് ജില്ലാ ഓഫീസിൽ ലാസ്റ്റ് ഗ്രേഡ് തസ്തിക അനുവദിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ ഭൂജലവകുപ്പിന്റെ മറ്റ് ഓഫീസുകളിൽനിന്ന് അധികമായി വരുന്ന ഒരു ലാസ്റ്റ് ഗ്രേഡ് തസ്തിക കാസർഗോഡ് ജില്ലയ്ക്ക് അനുവദിക്കാമോ ;

(ബി) ഭൂജല വകുപ്പ് കാസർഗോഡ് ഓഫീസിലേക്ക് പുതിയ യാത്രാവാഹനം വാങ്ങാൻ ഉദ്ദേശിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ പുരോഗതി വിശദീകരിക്കാമോ?

ഉത്തരം

(എ) കാസർഗോഡ് ജില്ലാ ഓഫീസിൽ ലാസ്റ്റ് ഗ്രേഡ് തസ്തിക അനുവദിച്ചിട്ടില്ല. ഭൂജല വകുപ്പിന്റെ മറ്റ് ഓഫീസുകളിൽനിന്ന് അധികമായി വരുന്ന ഒരു ലാസ്റ്റ് ഗ്രേഡ് തസ്തിക കാസർഗോഡ് ജില്ലയ്ക്ക് അനുവദിക്കുന്ന വിഷയം ഇപ്പോൾ പരിഗണനയിലില്ല.

(ബി) കാസർഗോഡ് ജില്ലാ ഓഫീസിലേയ്ക്ക് ഒരു പുതിയ വാഹനം വാങ്ങുന്നതിനുള്ള പ്രൊപ്പോസൽ സർക്കാർ പരിശോധിച്ചുവരുന്നു.

ഭൂഗർഭ ജലചൂഷണം തടയാൻ നടപടികൾ

181 (4467) ശ്രീ. ബെന്നി ബെഹനാൻ :
ശ്രീ. എ. റ്റി. ജോർജ് :
ശ്രീ. കെ. മുരളീധരൻ :
ശ്രീ. സണ്ണി ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭൂഗർഭ ജലചൂഷണം തടയാൻ എന്തെല്ലാം നടപടികളാണ് സ്വീകരിക്കാനുദ്ദേശിക്കുന്നത്; വിശദമാക്കാമോ;

---

* T മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഇതിനായി നിയമനിർമ്മാണം നടത്താൻ ഉദ്ദേശിക്കുന്നുണ്ടോ; വ്യക്തമാക്കുമോ;

(സി) ഭൂഗർഭ ജലചൂഷണം തടയാൻ എന്തെല്ലാം വ്യവസ്ഥകളാണ് നിയമത്തിൽ ഉൾപ്പെടുത്താനുദ്ദേശിക്കുന്നത്; വിശദമാക്കുമോ;

(ഡി) ഇതിനുള്ള നിയമനിർമ്മാണ പ്രക്രിയ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ&ബി) സംസ്ഥാനത്ത് ഭൂജലത്തിന്റെ ഉപയോഗം നിയന്ത്രിക്കുന്നതിനും ക്രമീകരിക്കുന്നതിനുമായി 2002-ലെ ഭൂജല (നിയന്ത്രണവും ക്രമീകരണവും)ആക്ട് നിലവിലുണ്ട്. ഇതിലെ വ്യവസ്ഥകൾ അനുസരിച്ചുള്ള നടപടികൾ കേരള സംസ്ഥാന ഭൂജല അതോറിറ്റി സ്വീകരിച്ചുവരുന്നു.

(സി) 2002-ലെ ഭൂജല (നിയന്ത്രണവും ക്രമീകരണവും) ആക്ടിലെ വ്യവസ്ഥയനുസരിച്ച് കേരള സംസ്ഥാന ഭൂജല അതോറിറ്റി രൂപീകരിച്ചിട്ടുണ്ട്. പ്രസ്തുത ആക്ടിലെ വ്യവസ്ഥ പ്രകാരം സംസ്ഥാനത്ത് ഭൂജലത്തിന്റെ അധിക ചൂഷണംമൂലം ഭൂജല വിതാനം താഴ്ന്ന പ്രദേശങ്ങളെ വിജ്ഞാപനം ചെയ്യാനും അവിടങ്ങളിൽ ഭൂജല ഉപയോഗം നിയന്ത്രിക്കാനും കഴിയുന്നു.

കൂടാതെ പ്രസ്തുത ആക്ട് പ്രകാരം ഭൂജല ഉപഭോക്താക്കളുടെ രജിസ്ട്രേഷൻ, പൊതു കുടിവെള്ള സ്രോതസ്സുകളുടെ സംരക്ഷണം, ഭൂജലത്തിന്റെ മലിനീകരണം തടയൽ എന്നിവയും ചെയ്തുവരുന്നു.

(ഡി) ബാധകമല്ല.

മലപ്പുറം ജില്ലയിൽ ഭൂഗർജല വകുപ്പുവഴി നടപ്പാക്കിയ പദ്ധതികൾ

182 (4468) ശ്രീ. പി. ഉബൈദുള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലപ്പുറം ജില്ലയിൽ 2014-15 വർഷത്തിൽ ഭൂഗർഭജല വകുപ്പ് വഴി നടപ്പാക്കിയ പദ്ധതികൾ വിശദീകരിക്കാമോ ; ഓരോന്നിനും ചെലവഴിച്ച തുകയും വെളിപ്പെടുത്താമോ ;

(ബി) മഴവെള്ള റീചാർജ്ജ് വർക്കുകൾ എന്തെങ്കിലും നടപ്പാക്കിയിട്ടുണ്ടോ; എങ്കിൽ മണ്ഡലം തിരിച്ചുള്ള പ്രസ്തുത പ്രവൃത്തിയുടെ കണക്കുകൾ വിശദീകരിക്കാമോ?

LIBRARY ARCHIVES Kerala Legislative Assembly